പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3317

08.11.2019 - ൽ
മറുപടിയ്ക്ക്

## നീര ഉല്പാദകർ നേരിടുന്ന പ്രതിസന്ധി

ചോദ്യം
ശ്രീ.റോജി എം. ജോൺ

മറുപടി
ശ്രീ.വി.എസ്.സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാനത്ത് നീര ഉല്പാദക സംഘങ്ങൾ നേരിടുന്ന പ്രതി സന്ധി ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) നാളീകേര കർഷകർ വളരെ യേറെ പ്രതീക്ഷയോടെ കാത്തിരുന്ന ഈ പദ്ധതി തുടക്കത്തിൽ തന്നെ പിന്നോട്ട് പോകുന്നതിന് ഉണ്ടായ കാരണങ്ങൾ എന്തൊക്കെയാണ്; | ബി) വൈദഗ്ധ്യമുള്ള ടാപ്പിംഗ് തൊഴിലാളികളുടെ ലഭ്യതക്കുറവ്, നീര ടാപ്പിംഗ് അറിയാവുന്ന തൊഴിലാളികളുടെ ഈ മേഖലയിൽ നിന്നുമുള്ള കൊഴിഞ്ഞുപോക്ക്, നീര സംസ്കരണ കേന്ദ്രങ്ങളുടെ ആവശ്യത്തിനനുസരിച്ച് ആരോഗ്യമുള്ള തെങ്ങുകളുടെ അഭാവം, കുറഞ്ഞ നീര ഉത്പാദനം എന്നീ കാരണങ്ങൾ നീര ഉത്പാദനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| സി) നാളീകേര വികസന ബോർഡ് നീര ഉല്പാദകർ ക്കായി നടപ്പിലാക്കുന്ന കാര്യ ങ്ങൾ എന്തൊക്കെയാണ്; | സി) നാളികേര വികസന ബോർഡ് 10 നാളികേര ഉത്പാദന കമ്പനികൾക്ക് നീര യൂണിറ്റുകൾ തുടങ്ങുന്നതിന് ധനസഹായം നൽകുകയുണ്ടായി. പ്രവർത്തന മൂലധനത്തിന്റെ 25% ബാക്ക് എൻഡ് ക്രെഡിറ്റ് സബ്സിഡിയായി (പരമാവധി 50 ലക്ഷം രൂപ) നീര പ്രോസസിംഗ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി ടെക്നോളജി മിഷൻ ഓൺ കോക്കനട്ട് (TMOC) എന്ന സ്കീമിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത കമ്പനികൾക്ക് നൽകിയിട്ടുണ്ട്. നീര ടെക്നീഷ്യർക്കുള്ള ട്രെയിനിംഗ്, ട്രെയിനിംഗുകൾക്കുള്ള സാമ്പത്തിക സഹായം എന്നിവ ബോർഡ് നൽകി വരുന്നു. നീര പ്രോസസിംഗിനുള്ള സാങ്കേതിക വിദ്യ നാളികേര ഉത്പാദക കമ്പനികൾക്ക് സൗജന്യമായി നൽകി വരുന്നു. നീരയ്ക്കും, അനുബന്ധ ഉത്പന്നങ്ങൾക്കുമുള്ള മാർക്കറ്റ് കണ്ടെത്തുന്നതിനുള്ള ജനറിക് പ്രൊമോഷൻ പ്രവർത്തനങ്ങളും ബോർഡ് നടത്തുണ്ട്. നീരയും മറ്റ് മൂല്യാധിഷ്ഠിത ഉത്പന്നങ്ങളും അന്താരാഷ്ട്ര-തദ്ദേശീയ എക്സിബിഷനുകളിൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. |
| ഡി) നീര ഉല്പാദനത്തിൽ നില വിലുള്ള പ്രശ്നങ്ങൾ പരിഹരി ക്കുന്നതിനും ഉല്പാദക സംഘ ങ്ങളെ പുനരുദ്ധരിക്കുന്ന തിനും അടിയന്തര നടപടി സ്വീകരിക്കുമോ; | ഡി) കേരളത്തിലെ നാളികേര വികസനം ലക്ഷ്യമാക്കി നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നമായി നീര ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ പദ്ധതികൾ നടപ്പി ലാക്കി വരുകയും, 2017-18 വരെ നീര ഉത്പാദനവുമായി ബന്ധപ്പെട്ട് നാളികേര വികസന ബോർഡ് മുഖേന, വിവിധ നാളികേര ഉത്പാദക കമ്പനികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. മേല്പറഞ്ഞ ധനസഹായം വായ്പാധിഷ്ഠിത സബ്സിഡി ആയിട്ടാണ് നൽകിയത്. കേരളത്തിലെ നിലവിൽ നീര ഉത്പാദിപ്പിക്കുന്ന പല നാളികേര കമ്പനികളും, പല കാരണങ്ങളാലും അടച്ചു പൂട്ടലിന്റെ വക്കിൽ |

| | |
|---|---|
| | ആണ്. ഈ കമ്പനികളെ പുനരുദ്ധരിക്കുന്നതിനും, പ്രവർത്തന സജ്ജമാക്കുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിന്റെ ഭാഗമായി ടി കമ്പനികൾ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്ത വായ്പ കുടിശ്ശിക സ്റ്റാൻഡേർഡ് ആക്കുന്നതിനായി, സംസ്ഥാന സർക്കാർ നൽകി യിരിക്കുന്ന സബ്‌സിഡി പ്രസ്തുത അക്കൗണ്ടുകളിലേക്ക് ക്രമീകരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ഇ) തൃശ്ശൂർ പ്രിൻസിപ്പൽ അഗ്രി ക്കൾച്ചറൽ ഓഫീസിലെ ഓഡിറ്റ് വിഭാഗം നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ 2012 ലെ സർക്കാർ ഉത്തരവ് പ്രകാരം ചെറുകിട കർഷകർക്ക് പെൻഷൻ അനുവദിച്ച കൃഷി ഓഫീസർ മാരും അത് കൈപ്പറ്റിയ കർഷകരും ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; | ഇ) ഉണ്ട്. |
| എഫ്) ഓഡിറ്റിൽ തടസ്സവാദമുന്നയി ച്ചതുമൂലം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ നിന്നും അവരുടെ പെൻഷൻ തുക തിരിച്ച് പിടിക്കുന്ന സാഹ ചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഇടപെട്ട് കർഷകർക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരി ക്കുമോ? | എഫ്) തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ആഫീസറുടെ റിപ്പോർട്ട് പ്രകാരം കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും തിരിച്ചു പിടിക്കുന്നതിന് പകരം പിന്നീട് കർഷക പെൻഷൻ ഗഡുക്കൾ അനുവദിച്ചപ്പോൾ, ആഡിറ്റ് തടസ്സവാദം ഉന്നയിച്ച് തുക കുറച്ച് ബാക്കി തുകയാണ് കർഷകർക്ക് ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകിയത്. ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ